## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:20.08.2026**

### പ്രധാനവാർത്തകൾ

1. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ദക്ഷിണ മേഖലാ കൗൺസിൽ യോഗം ചെന്നൈയിൽ പുരോഗമിക്കുന്നു.

2. ഐക്യരാഷ്ട്ര സുരക്ഷാ സമിതിയുടെ ഘടനയിൽ അടിയന്തര പരിഷ്കാരങ്ങൾ ആവശ്യപ്പെട്ട് ഇന്ത്യ.

3. നെഹ്റുട്രോഫി വള്ളംകളിക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. ശനിയാഴ്ചത്തെ ആവേശപ്പോരാട്ടത്തിൽ പങ്കെടുക്കുന്നത് 71 ജലരാജാക്കന്മാർ.

4. സംസ്ഥാനത്ത് ഓണാഘോഷങ്ങൾ സജീവമായി. വിനോദസഞ്ചാര വകുപ്പിന്റെ ഓണം ട്രേഡ് ഫെയർ നാളെ മുതൽ തിരുവനന്തപുരം കനകക്കുന്നിൽ.

5. കേരളം, തമിഴ്നാട്, ലക്ഷദ്വീപ്, മാഹി, കർണാടക തീരങ്ങളിൽ ഇന്ന് കടലാക്രമണത്തിന് സാധ്യത; മത്സ്യതൊഴിലാളികൾക്കും തീരദേശവാസികൾക്കും ജാഗ്രത നിർദേശം.

6. നെതർലൻഡ്സിൽ നടക്കുന്ന FIH ഹോക്കി ലോകകപ്പിൽ ഇന്ത്യൻ വനിതാ ടീം ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.

RNUTVPM

&&&&&&&&&&&&&&&&&

## അമിത് ഷാ - തമിഴ്നാട്

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ദക്ഷിണ മേഖലാ കൗൺസിലിന്റെ 31-ാമത് യോഗം ചെന്നൈയിൽ പുരോഗമിക്കുന്നു. മുഖ്യമന്ത്രി വി ഡി സതീശൻ, തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ്, കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ എന്നിവർ പങ്കെടുക്കുന്നുണ്ട്. ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി, തെലങ്കാന ഉപമുഖ്യമന്ത്രി, പുതുച്ചേരി ലഫ്റ്റനന്റ് ഗവർണർ എന്നിവരും സന്നിഹിതരാണ്. അന്തർ-സംസ്ഥാന സഹകരണം, സാമ്പത്തിക വളർച്ച, വ്യാവസായിക നിക്ഷേപം, ജലവിഭവ പങ്കിടൽ, അതിർത്തി തർക്കങ്ങൾ തുടങ്ങിയ സുപ്രധാന വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും.

&&&&&&&&&&&&&&&&&

## ഇന്ത്യ - സിംഗപ്പൂർ - വട്ടമേശ സമ്മേളനം

നാലാമത് ഇന്ത്യ-സിംഗപ്പൂർ മന്ത്രിതല വട്ടമേശ സമ്മേളനം ഇന്ന് സിംഗപ്പൂരിൽ. കേന്ദ്ര മന്ത്രിമാരായ നിർമ്മല സീതാരാമൻ, എസ്. ജയശങ്കർ, പിയൂഷ് ഗോയൽ, സഹമന്ത്രി ജിതിൻ പ്രസാദ എന്നിവർ പങ്കെടുക്കും.

RNUTVPM

&&&&&&&&&&&&&&&&&

## ഇന്ത്യ ഐക്യരാഷ്ട്രസഭ

ഐക്യരാഷ്ട്ര സുരക്ഷാ സമിതിയുടെ ഘടനയിൽ അടിയന്തര പരിഷ്കാരങ്ങൾ ആവശ്യപ്പെട്ട് ഇന്ത്യ. വികസ്വര രാജ്യങ്ങൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകിക്കൊണ്ട്, നിലവിലെ ആഗോള യാഥാർത്ഥ്യങ്ങൾ പ്രതിഫലിപ്പിക്കുന്ന രീതിയിൽ സമിതി മാറേണ്ടതുണ്ടെന്ന് ഇന്ത്യ ചൂണ്ടിക്കാട്ടി. 'ഗ്ലോബൽ സൗത്ത്' മേഖലയ്ക്ക് കൂടുതൽ പ്രാതിനിധ്യം ഉറപ്പാക്കണമെന്നും ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ ചാർജ് ഡി അഫയേഴ്സ് യോജ്ന പട്ടേൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## നെഹ്റു ട്രോഫി (ഇൻട്രോ)

നെഹ്രുട്രോഫി വള്ളംകളിക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. മറ്റന്നാൾ പുന്നമടക്കായലിൽ ഓളപ്പരപ്പുകളിൽ ജലരാജാക്കന്മാരുടെ ആവേശപ്പോരാട്ടം വീക്ഷിക്കാൻ ജലോത്സവ പ്രേമികളും ഒരുങ്ങിക്കഴിഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.... ( വോയിസ്...)**

&&&&&&&&&&&&&&&&&

## ഓണം

തിരുവോണത്തിന് ഇനി ദിവസങ്ങൾ മാത്രം. സംസ്ഥാനത്ത് ഒരുക്കങ്ങൾ സജീവമായി. ഓണ വിപണികളിൽ വലിയ ജനത്തിരക്കാണ് അനുഭവപ്പെടുന്നത്. വിവിധ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും ആഭിമുഖ്യത്തിൽ ഓണാഘോഷ പരിപാടികളും ആരംഭിച്ചു.

RNUTVPM

&&&&&&&&&&&&&&&&&

## ഓണം - ട്രേഡ് ഫെയർ

വിനോദസഞ്ചാര വകുപ്പ് സംഘടിപ്പിക്കുന്ന ഓണാഘോഷത്തിന്റെ ഭാഗമായ ട്രേഡ് ഫെയറിന്റെയും എക്സിബിഷന്റെയും ഉദ്ഘാടനം തിരുവനന്തപുരം കനകക്കുന്നിൽ നാളെ മന്ത്രി പി.സി. വിഷ്ണുനാഥ് നിർവഹിക്കും. ഈ മാസം 30 വരെ നടക്കുന്ന ട്രേഡ് ഫെയറിൽ നൂറോളം സ്റ്റാളുകളാണുള്ളത്. പൊതുജനങ്ങൾക്ക് പ്രവേശനം സൗജന്യമാണ്.

&&&&&&&&&&&&&&&&&

## കൊച്ചി മെട്രോ -അധിക സർവിസ്

ഓണത്തോടനുബന്ധിച്ച് യാത്രക്കാരുടെ തിരക്ക് വർധിക്കുന്നതിനുസരിച്ച് അധിക സർവീസുകൾ നടത്തുമെന്ന് കൊച്ചി മെട്രോ റെയിൽ അറിയിച്ചു. ഈ മാസം 22, 24, 25 തീയതികളിൽ ഉച്ചകഴിഞ്ഞ് 3 മുതൽ തിരക്കുള്ള സമയങ്ങളിൽ

അധിക സർവീസുകൾ നടത്തും. ഞായറാഴ്ച്ച രണ്ടു ട്രെയിനുകൾ കൂടുലായി സർവീസ് നടത്തും.

**&&&&&&&&&&&&&&&&&**

## ഓണം ഫെയർ സൗജന്യയാത്ര

എറണാകുളം കലൂർ സ്റ്റേഡിയം ഹെലിപാഡ് ഗ്രൗണ്ടിലെ ഓണം മെഗാ ട്രേഡ് ഫെയറിലേക്ക് സൗജന്യ യാത്ര ഒരുക്കി സപ്ലൈകോ. ഇതിനായി സജ്ജീകരിച്ചിരിക്കുന്ന രണ്ട് കെഎസ്ആർടിസി ലോഫ്ലോർ എ സി ബസുകളുടെ ഫ്ലാഗ് ഓഫ് ഇന്ന് ഉച്ചയ്ക്ക് വൈറ്റില ഹബ്ബിൽ മന്ത്രി അനൂപ് ജേക്കബ് നിർവഹിക്കും. ഈ മാസം 25 വരെയാണ് സർവീസുകൾ .

**&&&&&&&&&&&&&&&&&**

## ഓണം - റെയിൽവേ സുരക്ഷ

ഓണക്കാലത്ത് സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും സുരക്ഷാ ക്രമീകരണങ്ങൾ കർശനമാക്കി. ഈ മാസം 30 വരെ RPFമായി ചേർന്ന് റെയിൽവേ പോലീസ് സംയുക്ത പരിശോധനകൾ നടത്തും. പരാതികൾ റെയിൽ മദദ് പോർട്ടൽ നമ്പറായ 139-ലോ 98 46 20 0100, 98 46 20 0150 എന്നിവയിലോ അറിയിക്കാം.

RNU TVPM

**&&&&&&&&&&&&&&&&&**

## സദ്ഭാവന ദിനം

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മവാർഷിക ദിനമായ ഇന്ന് രാജ്യം സദ്ഭാവന ദിനം ആചരിക്കുന്നു. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ,പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു. രാജ്യത്തിനായുള്ള രാജീവ്ഗാന്ധിയുടെ സേവനങ്ങളെയും പൊതുജീവിതത്തിലെ സംഭാവനകളെയും അനുസ്മരിക്കുന്നതായി ഉപരാഷ്ട്രപതി പറഞ്ഞു.

**&&&&&&&&&&&&&&&&&**

## ദേവസ്വം മന്ത്രി

ശബരിമല മണ്ഡല കാലത്തേക്കുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചതായി ദേവസ്വം മന്ത്രി കെ മുരളീധരൻ. മുഖ്യമന്ത്രി നേരിട്ട് പമ്പയിൽ യോഗം വിളിക്കുമെന്നും അദ്ദേഹം പറഞ്ഞു. ശബരിമല തീർത്ഥാടക സൗഹൃദ ആശയവിനിമയ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ശബരിമലയിൽ നിന്ന് ഭക്തർക്ക് നൽകുന്ന നിർദേശങ്ങൾ ഉൾപ്പെടുത്തിയ സന്ദേശ് മാസിക മന്ത്രി പുറത്തിറക്കി.

&&&&&&&&&&&&&&&&&

## സുരേഷ്ഗോപി - കൊല്ലം

കൊല്ലത്തെ വിവിധ കേന്ദ്രപദ്ധതികളുടെ പുരോഗതി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്ന് നേരിട്ട് വിലയിരുത്തും. അഷ്ടമുടി ജൈവവൈവിധ്യ മേഖലയുമായി ബന്ധപ്പെട്ട നിർമ്മാണ മേഖലകൾ അദ്ദേഹം സന്ദർശിക്കും. ശിവഗിരി സർക്യൂട്ട് സംബന്ധിച്ച അവലോകനയോഗത്തിൽ പങ്കെടുക്കുന്ന കേന്ദ്ര സഹമന്ത്രി, ശാന്തിഗിരി ആശ്രമത്തിന്റെ പ്രസാദ് പദ്ധതിയുമായി ബന്ധപ്പെട്ട യോഗത്തിലും സംബന്ധിക്കും.

PNU TVPM

&&&&&&&&&&&&&&&&&

## പാലക്കാട് (ഇൻട്രോ)

മുഴുവൻ ഭിന്നശേഷിക്കാർക്കും U.D.I.D കാർഡ് വിതരണം ചെയ്യുന്നതിനുള്ള പ്രത്യേക കർമ്മ പദ്ധതിക്ക് പാലക്കാട് ജില്ലയിൽ തുടക്കമായി. പ്രവർത്തന ഏകോപനം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിലയിരുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...... ( വോയിസ്..)**

&&&&&&&&&&&&&&&&&

## ഹോക്കി - ലോകകപ്പ്

നെതർലൻഡ്സിൽ നടക്കുന്ന FIH ഹോക്കി ലോകകപ്പിൽ ഇന്ത്യൻ വനിതാ ടീം ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. വൈകിട്ട് 6.30 നാണ് മത്സരം. വിജയമോ സമനിലയോ നേടിയാൽ ഇന്ത്യക്ക് പൂളിൽ ഒന്നാമതെത്തി അടുത്ത റൗണ്ടിലേക്ക് നേരിട്ട് യോഗ്യത നേടാം.

**&&&&&&&&&&&&&&&&&**

**തിരുവനന്തപുരം (ഇൻട്രോ)**

മൂന്നാറും കോവളവും കുമരകവും ഉൾപ്പടെയുള്ള വിനോദ സഞ്ചാരകേന്ദ്രങ്ങളിലേക്ക് ഇനി തിരുവനന്തപുരം വട്ടപ്പാറയിൽ നിന്നു പറക്കാം. വട്ടപ്പാറ സ്വദേശി കെ എൻ ഗോപകുമാരൻ നായർ സജ്ജമാക്കിയ ഏഴര ഏക്കറിലെ ഹെലിപാഡും വിഐപി ലോഞ്ചും മന്ത്രി പി സി വിഷ്ണുനാഥ് നാളെ ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്... (വോയ്സ്)**

**&&&&&&&&&&&&&&&&&**

**കള്ളക്കടൽ**

ഉയർന്ന തിരമാലകൾക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും ഇന്നു വൈകിട്ടു വരെ ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. തമിഴ്നാട്, ലക്ഷദ്വീപ്, മാഹി, കർണാടക തീരങ്ങളിലും മുന്നറിയിപ്പ് നൽകി. ബീച്ചുകളിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായി ഒഴിവാക്കാൻ നിർദ്ദേശമുണ്ട്. അതേസമയം, ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

**&&&&&&&&&&&&&&&&&**

**വിഴിഞ്ഞം - തിരച്ചിൽ**

വിഴിഞ്ഞത്ത് കടലിൽ കാണാതായ മത്സ്യത്തൊഴിലാളി ജോൺ മത്യാസിന് വേണ്ടിയുള്ള തിരച്ചിൽ തുടരുന്നു. അതേ സമയം

RNUTVPM

കേരള തീരത്ത് ചുവപ്പ് ജാഗ്രതയുള്ള സാഹചര്യത്തിൽ മുതലപ്പൊഴിയിൽ കാണാതായ ഷിജിന് വേണ്ടിയുള്ള തിരച്ചിൽ താത്കാലികമായി നിർത്തി വച്ചു. കാലാവസ്ഥ അനുകൂലമായാൽ ഉടൻ തിരച്ചിൽ പുനാരാരംഭിക്കുമെന്ന് ഫിഷറീസ് വകുപ്പ് അറിയിച്ചു.

**&&&&&&&&&&&&&&&&&**

**<u>ഓഹരി - സ്വർണ്ണം</u>**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 525 പോയിന്റ് ഉയർന്ന് 77,434 ലും, നിഫ്റ്റി 132 പോയിന്റ് നേട്ടത്തിൽ 24,210 ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി. പവന് 3,160 രൂപ വർധിച്ച് ഒരു ലക്ഷത്തി 16,800 രൂപയും, ഗ്രാമിന് 14,600 രൂപയുമാണ് ഇന്നത്തെ വില.

**&&&&&&&&&&&&&&&&&**

**<u>കണ്ണൂർ - പുലി</u>**

കണ്ണൂർ മട്ടന്നൂർ മാലൂരിൽ പുലി കെണിയിൽ കുടുങ്ങി. കെ. പി. ആർ നഗർ സ്വദേശിയായ രാമകൃഷ്ണൻ്റെ ഉടമസ്ഥതയിലുള്ള പറമ്പിൽ പന്നിക്കുവെച്ച കെണിയിലാണ് പുലി കുടുങ്ങിയത്. വനം വകുപ്പ് അധികൃതരും പോലീസും സ്ഥലത്തെത്തി തുടർനടപടികൾ സ്വീകരിച്ചു.

RNUTVPM

**&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&**